

*നടക്കാവ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ.*

# അംഗീകാരത്തിന്റെ നിറവിൽ നടക്കാവ് സ്കൂൾ

## രാജ്യത്തെ രണ്ടാമത്തെ മികച്ച സർക്കാർ വിദ്യാലയം

കോഴിക്കോട്: നടക്കാവ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഇന്ത്യയിലെ രണ്ടാമത്തെ മികച്ച സർക്കാർ വിദ്യാലയം എന്ന അംഗീകാരത്തിന്റെ നിറവിൽ. ഏകദേശം 120 വർഷം പഴക്കമുള്ള വിദ്യാലയം എ. പ്രദീപ് കുമാർ എംഎൽഎ വിഭാവനം ചെയ്ത പ്രിസം പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു യുഎഇ ആസ്ഥാനമായുള്ള കെഫ് ഹോൾഡിങ്സ് കമ്പനിയുടെ ജീവകാരുണ്യ പ്രസ്ഥാനമായ ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പുനർവികസിപ്പിച്ചത്. ഇതോടെ സ്കൂളിന്റെ മുഖച്ഛായ തന്നെ മാറി. ആധുനിക രീതിയിലുള്ള ക്ലാസ്മുറികളും കളിസ്ഥലങ്ങളും അന്താരാഷ്ട്ര തലത്തിലുള്ള വിദ്യാഭ്യാസ പരിശീലന രീതികളുമെല്ലാമായി മുന്നേറിയ സ്കൂളിന്റെ മികവ് യുകെയിൽ വരെ ചർച്ചയും പഠന വിഷയവുമായി.

എല്ലാ വർഷവും എജ്യുക്കേഷൻ വേൾഡ് ഏർപ്പെടുത്തിയ ഇന്ത്യയിലെ മികച്ച സ്കൂളുകളുടെ പട്ടികയിൽ നടക്കാവ് സ്കൂൾ ഉയർന്ന റാങ്കിങ് സ്വന്തമാക്കിയിരുന്നു. ഇപ്പോൾ ഇഡബ്ല്യു ഇന്ത്യ സ്കൂൾ റാങ്കിങ് 2019-20 പട്ടികയിൽ സ്കൂൾ രണ്ടാം സ്ഥാനം നേടി കേരളത്തിന് അഭിമാനമായി. ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്കൂൾ സർവെയാണ് ഇഡബ്ല്യു ഇന്ത്യ സ്കൂൾ റാങ്കിങ്.

പതിനാലു വിഭാഗങ്ങളിലാണ് സ്കൂളുകളുടെ പ്രകടനം വിലയിരുത്തുന്നത്. നടക്കാവ് സ്കൂൾ ആകെ 1061 പോയിന്റ് നേടി. അധ്യാപകരുടെ പ്രാവീണ്യം, അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം, കായിക വിദ്യാഭ്യാസം, നേതൃപാടവം തുടങ്ങിയവയിൽ സ്കൂൾ മികച്ച സ്കോർ നേടി. സർക്കാർ വിദ്യാഭ്യാസ മേഖലയിൽ മികവു തെളിയിക്കാനും അതിലൂടെ ഇതര സ്കൂളുകളുടെ വികസനത്തിനും വിദ്യാർഥികളുടെ ഉന്നമനത്തിനും മികച്ച മാതൃകയാണ് നടക്കാവ് സ്കൂളെന്ന് ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷൻ സ്ഥാപകൻ ഫൈസൽ കൊട്ടിക്കോളോൻ പറഞ്ഞു. നടക്കാവ് സ്കൂൾ നേടിയ വൻ മുന്നേറ്റത്തെ തുടർന്ന് ഈ വികസന മാതൃക സംസ്ഥാന സർക്കാർ ആയിരം സ്കൂളുകളിലേക്കു കൂടി വ്യാപിപ്പിച്ചുകഴിഞ്ഞു.